# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1269 | 12.03.15 ൽ - മറുപടിക്ക്

## റേഷൻ കാർഡ് സമയബന്ധിതമായി ലഭ്യമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻകാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത്; | (എ) 16.09.14 മുതൽ റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| (ബി) നിലവിൽ സംസ്ഥാനത്ത് എത്ര റേഷൻകാർഡുടമകളാണുള്ളത്; ഇവയിൽ ബി.പി.എൽ., എ.പി.എൽ. എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ; | (ബി) നിലവിൽ സംസ്ഥാനത്ത് 83,19,223 റേഷൻ കാർഡുകളുണ്ട്.<br>എ.പി.എൽ - 62,53,914<br>ബി.പി.എൽ - 14,80,421<br>എ.എ.വൈ. - 5,84,888<br>----------<br>ആകെ - 83,19,223<br>========= |
| (സി) ഇപ്പോഴത്തെ റേഷൻകാർഡ് പുതുക്കൽ പ്രക്രിയയിൽ നിലവിലുള്ള റേഷൻകാർഡിൽ പുതുതായി ഒരംഗത്തെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് ; | (സി) 01.01.2015-നു മുമ്പായി രണ്ട് വയസ്സ് തികയുന്ന കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിലും മറ്റുള്ളവർക്ക് ഒരിടത്തും പേര് ഉൾപ്പെട്ടിട്ടില്ലായെന്ന നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും പുതിയതായി റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുവാൻ കഴിയും. |
| (ഡി) കുടുംബത്തിലെ സ്ത്രീകളെ കാർഡുടമയാക്കുന്നതിന് തീരുമാനിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; ഇതു കൊണ്ട് എന്തു മാറ്റമാണ് ഉദ്ദേശിക്കുന്നത് ; | (ഡി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 ലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത റേഷൻ കാർഡുടമയാകുന്നത്. സ്ത്രീ ശാക്തീകരണമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. |

(ഇ) ഫോട്ടോ എടുക്കൽ പ്രക്രിയ പൂർത്തിയായ സ്ഥലങ്ങളിൽ പുതിയ റേഷൻകാർഡുകൾ എന്നു മുതൽ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) 01.07.16 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയും.

(എഫ്) റേഷൻകാർഡ് പുതുക്കൽ പ്രക്രിയയുടെ പേരിൽ കഴിഞ്ഞ 3 മാസത്തിലധികമായി സംസ്ഥാനത്ത് ഒരു സ്ഥലത്തും പുതുതായി റേഷൻകാർഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുതിയതായി കാർഡുകൾ നൽകുന്ന പ്രക്രിയ നിർത്തിവച്ച് മാത്രമേ കാർഡുകൾ പുതുക്കി നൽകുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാൽ തന്നെയും അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ജി) അടുത്ത അദ്ധ്യയന വർഷത്തേക്ക് കുട്ടികളുടെ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പലർക്കും റേഷൻകാർഡ് അത്യാവശ്യമായിരിക്കെ പുതിയ റേഷൻകാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കാത്തത് അനാവശ്യ കാലതാമസം വരുത്തലും ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമായ നടപടിയല്ലേ; ഇതിന് എന്ത് പരിഹാരമാണ് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

(ജി) പുതിയ കാർഡ് നിലവിൽ വരുന്നതുവരെ നിലവിലെ കാർഡ് ഉപയോഗിക്കുവാൻ കഴിയും. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക കാർഡും നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ